കേരള പൈതൃകത്തിന് അസ്ഥിവാരമിട്ടത് ബാഫഖി തങ്ങൾ യുഗം

കോഴിക്കോട്: സമുദായ ധ്രുവീകരണവും കുത്തഴിഞ്ഞ ജീവിതരീതിയും ലഹരി മയക്കുമരുന്നു വ്യാപനവുംമൂലം കേരളീയ സമൂഹം ഭീതിജനകമായ അന്തരീക്ഷത്തിലാണെന്നും ബാഫഖി തങ്ങളുടെ മത -രാഷ്ട്രീയ പ്രവവർത്തന രീതിയാണ് പ്രതിരോധ രിതിയാക്കേണ്ടതെന്നും ദമാം അൽ അബിർ ഓഡിറ്റോറിയത്തിൽ ചേർന്ന കേരള പൈതൃകം വർഗീയത പ്രതിരോധ സാധ്യതകൾ സെമിനാർ അഭിപ്രായപ്പെട്ടു. വ്യക്തി വിശുദ്ധിയുള്ള തനിമയാർന്ന രാഷ്ട്രീയ മത പ്രവർത്തനങ്ങൾ പുതിയ തലമുറ പഠന വിധേയമാക്കേണ്ടതുണ്ടെന്നും യോഗം അഭിപ്രായപെട്ടു. ഡോ. ഖാസിമുൽ ഖാസിമി ഉദ്ഘാടനം ചെയ്തു. മജിദ് കൊടുവള്ളി അധ്യക്ഷനായിരുന്നു. അമീറലി കൊയിലാണ്ടി, അബ്ദുൽ മജീദ് ചുങ്കത്തറ, മുജീബ് കൊയിലാണ്ടി സംസാരിച്ചു. ഫൈസൽ ഇരിക്കൂർ സ്വാഗതവും ശരീഫ് പാറപ്പുറത്ത് നന്ദിയും പറഞ്ഞു.

സ്നേഹസംഗമം

ഖത്തർ: ചപ്പാരപ്പടവ് ഹിദായത്തുൽ ഇസ്‌ലാം സംഘം ഖത്തർ ചാപ്റ്റർ കമ്മിറ്റി മീലാദ് ഷരീഫിന്റെ ഭാഗമായി സ്നേഹ സംഗമവും പ്രാർഥന സദസും സംഘടിപ്പിച്ചു. കെ.എം.സി.സി ഖത്തർ കണ്ണൂർ ജില്ലാ ജനറൽ സെക്രട്ടറി ഷഹബാസ് തങ്ങൾ ഉദ്ഘാടനം ചെയ്തു. ഖത്തർ ചാപ്റ്റർ പ്രസിഡന്റ് യൂനുസ് ശാന്തിഗിരി അധ്യക്ഷനായി. മൗലൂദിനും പ്രാർഥനയ്ക്കും മുഹ്‌യദ്ദീൻ ദാരിമി മാത്തൂൽ നേതൃത്വം നൽകി. ഇബ്രാഹിം പുളുക്കൂൽ, കെ അബ്ദുൽ ബാരി, സി.പി അബ്ദുൽ റസാഖ്, അഷ്റഫ് പള്ളക്കൻ, ഷറഫുദ്ദീൻ ചപ്പാരപ്പടവ്, എം.പി ജാബിർ, പി.സി അഷ്കർ സംസാരിച്ചു. അസ്‌ലം ചപ്പാരപ്പടവ്, അലികുഞ്ഞി ചപ്പാരപ്പടവ്, എം അസൈനാർ, എം ശക്കീൽ പങ്കെടുത്തു.

ഹയർസെക്കന്ററി അധ്യാപക ഒഴിവുകൾ 1067

നിയമനം; അത് ഇത്തിരി വൈകുമെന്ന് സർക്കാർ

അനീഷ് ചാലിയാർ
പാലക്കാട്

ഹയർസെക്കന്ററി വിഭാഗത്തിൽ സർക്കാറിന്റെ അപ്രഖ്യാപിത നിയമന നിരോധനം തുടരുമ്പോൾ ഒഴിഞ്ഞു കിടക്കുന്നത് 1067 അധ്യാപക തസ്തികകൾ. 31 വിഷയങ്ങൾക്കുള്ള സീനിയർ (531), ജൂനിയർ (536) തസ്തികകൾക്കായാണ് 1067 ഒഴിവുകളുണ്ട്.

ഹയർസെക്കന്ററി അധ്യാപക നിയമനത്തിന് വിവിധ വിഷയങ്ങൾക്കായി 14 റാങ്ക് പട്ടികകൾ നിലവിലുണ്ട്. ഈ റാങ്ക് പട്ടികകളിൽ നിന്നുമുള്ള നിയമനമാണ് സർക്കാറിന്റെ അപ്രഖ്യാപിത നിയമന നിരോധനത്തിൽ കുടുങ്ങിക്കിടക്കുന്നത്. തസ്തിക നിർണയം പൂർത്തിയാകുന്ന മുറക്കേ എച്ച്.എസ്.എസ്.ടി അധ്യാപക നിയമനം നടത്താൻ സാധിക്കൂ എന്ന് വിദ്യാഭ്യാസ മന്ത്രി നജീബ് കാന്തപുരം എം.എൽ.എയുടെ ചോദ്യത്തിന് നിയമസഭയിൽ മറുപടി നൽകിയിരിക്കുന്നത്. എന്നാൽ ഒരു വർഷത്തിലധികമായി തട്ടിക്കളിക്കുന്ന തസ്തിക നിർണയ നടപടികളുടെ പേരിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ പോലും നിയമനം നടത്താത്തത് ഉദ്യോഗാർഥികളോടുള്ള വെല്ലുവിളിയാണ്. 2023ൽ പറഞ്ഞു തുടങ്ങിയ തസ്തിക നിർണയ നടപടികൾ 2024 ലാണ് ഒന്നനങ്ങുന്നത് തന്നെ. തസ്തിക നിർണയത്തിനുള്ള സർക്കുലർ പോലും സർക്കാർ നൽകുന്നത് 2024 മാർച്ച് 16നാണ്. ഈ നിർദേശ പ്രകാരം ഏഴ് ഹയർസെക്കന്ററി റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിൽ നിന്നും ഡയറക്ടറേറ്റിലേക്ക് തസ്തിക നിർണയം സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഫയൽ തിരുവന്തപുരത്തെ 'തട്ടിക്കളി'യിലാണ് ഇപ്പോഴുമുള്ളത്. വിവരമന്വേഷിച്ചെത്തുന്ന ഉദ്യോഗാർഥികൾക്ക് പോലും തൽസ്ഥിതി സംബന്ധിച്ച വിവരം വകുപ്പിൽ നിന്ന് നൽകുന്നില്ല. അന്തിമ റിപ്പോർട്ട് തയ്യാറാക്കി ഒഴിവുകൾ നിജപ്പെടുത്തി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള സർക്കാറിന്റെ നീക്കത്തിന്റെ ഭാഗമാണിത്. ഇതോടെ നിലവിലുള്ള 14റാങ്ക് പട്ടികയിൽ നിന്നുള്ള 628 പേർക്കാണ് നിയമനം നഷ്ടപ്പെടുന്നത്. 112 ഒഴിവുള്ള മാത്തമാറ്റിക്സ് അധ്യാപക ഒഴിവിലേക്ക് 16.11.2023ന് ശേഷം ആർക്കും നിയമന ശുപാർശ നൽകിയിട്ടില്ല. എച്ച്.എസ്.എസ്.ടി ഇംഗ്ലീഷിന് 87 ഒഴിവുണ്ടെന്ന് നിയമസഭയിൽ മന്ത്രി പറഞ്ഞെങ്കിലും ഒന്നാംറാങ്കുകാരിക്ക് ഇപ്പോഴും നിയമനം ലഭിച്ചിട്ടില്ല. സംവരണ വിഭാഗത്തിൽ രണ്ട് പേർക്ക് മാത്രമാണ് ഈ പട്ടികയിൽ നിന്ന് നിയമനം നൽകിയിരിക്കുന്നത്. ഇതു തന്നെ 06.11.2023 ലാണ്. 117 ഒഴിവുള്ള എക്കണോമിക്സിന് ആറു മാസമായി ആർക്കും നിയമന ശുപാർശ നൽകിയിട്ടില്ല. ഈ വർഷം ഫെബ്രുവരിയിൽ നിലവിൽ വന്ന റാങ്ക് പട്ടികയിൽ അരക്കൊല്ലത്തിനിടെ 3പേർക്ക് മാത്രമാണ് നിയമനം നൽകിയിട്ടുള്ളത്. ആകെ മൂന്ന് വർഷക്കാലവധിയുള്ള റാങ്ക് പട്ടികയിൽ നിന്ന് ഒരു വർഷത്തോളം നിയമനം നടത്താതിരിക്കുന്നത് ഉന്നത വിദ്യാഭ്യാസ യോഗ്യത നേടി മത്സരപരീക്ഷയും പാസായി ജോലി കാത്തിരിക്കുന്ന ഉദ്യോഗാർഥികളോടുള്ള സർക്കാറിന്റെ വഞ്ചനയാണ്.

പിഴയടക്കാനാകാത്തവർക്ക് ഇ-ചലാൻ അദാലത്ത്

കണ്ണൂർ: യഥാസമയം പിഴ അടക്കാൻ സാധിക്കാത്തവർക്ക് പൊലീസും മോട്ടോർ വാഹന വകുപ്പും ഇ-ചലാൻ അദാലത്ത് സംഘടിപ്പിക്കുന്നു. 26 മുതൽ 28 വരെയാണ് ഇ-ചലാൻ അദാലത്ത് നടക്കുക. വിവിധ ഗതാഗത നിയമലംഘനങ്ങൾക്ക് പൊലീസും മോട്ടോർ വാഹന വകുപ്പും ഇ-ചലാൻ മുഖേന നൽകിയ പിഴകളിൽ യഥാസമയം അടക്കാൻ സാധിക്കാത്തതും നിലവിൽ കോടതി മുമ്പാകെ അയക്കപ്പെട്ടതുമായ ചലാനുകളിൽ പ്രോസിക്യൂഷൻ നടപടികൾക്ക് ശുപാർശ ചെയ്തവ ഒഴികെ പിഴയൊടുക്കി തുടർനടപടികളിൽ നിന്നൊഴിവാകാം. കണ്ണൂർ സിറ്റി പൊലീസും മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗവും സംഘടിപ്പിക്കുന്ന ഇ-ചലാൻ അദാലത്ത് കണ്ണൂർ ആർടി ഓഫീസിലാണ് നടക്കുക. രാവിലെ 10 മുതൽ വൈകുന്നേരം അഞ്ച് മണിവരെ പൊതുജനങ്ങൾക്ക് നേരിട്ടെത്തി പ്രത്യേകം സജ്ജീകരിച്ച കൗണ്ടറുകളിൽ അപേക്ഷ നൽകി പിഴ ഒടുക്കാം. ഫോൺ: 9567281014-പൊലീസ്, 9188961213-മോട്ടോർ വാഹന വകുപ്പ്. പിഴ ഒടുക്കാൻ കാർഡ്, യുപിഐ സൗകര്യം മാത്രമേ ലഭ്യമാകൂ.

എസ്ഇയു നേതാവ് അഷ്റഫ് അത്തൂട്ടിയുടെ മയ്യിത്ത് ഖബറടക്കി

ചെറുവത്തൂർ: കഴിഞ്ഞദിവസം ചെറുവത്തൂർ -ചീമേനി റോഡിലെ ആനിക്കാടിയിൽ ഉണ്ടായ ബൈക്ക് അപകടത്തിൽ പെട്ട് മരണ മടഞ്ഞ സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ കാസർകോട് ജില്ലാ ട്രഷററും ജില്ലാ പട്ടികവർഗ വികസന ഓഫീസ് ജീവന ക്കാരനുമായ അഷറഫ് അത്തൂട്ടിയുടെ മയ്യിത്ത് വൻജനാവലിയുടെ സാന്നിധ്യ ത്തിൽ അത്തൂട്ടി മുഹിയുദ്ദീൻ ജുമാ മസ്ജിദ് ഖബർസ്ഥാനിൽ ഖബറടക്കി.

പരിയാരം മെഡിക്കൽ കോളജിലെ പോസ്റ്റ്മോർട്ടത്തിനുശേഷം വീട്ടിൽ പൊതു ദർശന ത്തിന് വെച്ച മയ്യിത്തിനെ ഒരു നോക്ക് കാണാൻ ജീവിതത്തിന്റെ നാനാതുറകളിൽ പെട്ട നൂറ്കണക്കിനാളുകളാണ് എത്തിയത്. തുടർന്ന് അനു ശോചന യോഗ വും നടന്നു.

എൻഎ നെല്ലിക്കുന്ന് എംഎൽഎ, എഡിഎം പി അഖിൽ, ജംഇയ്യത്തുൽ മുഅല്ലിമീൻ കണ്ണൂർ ജില്ലാ പ്രസിഡന്റ് സയ്യദ് ഹുസൈൻ കോയ തങ്ങൾ, ജംഇയ്യത്തുൽ മുഅല്ലിമീൻ ജില്ലാ വൈസ് പ്രസിഡന്റ് വി.പി നൂറുദ്ദീൻ മൗലവി കുന്നുങ്കൈ, എസ്.കെ.എസ്.എസ്.എഫ് മേഖലാ പ്രസിഡന്റ് ശിഹാബ് ഫൈസി, സെക്രട്ടറി ഹാരിസ് ദാരിമി, അഡ്വ.എം.ടി.പി കരീം,മണ്ഡലം മുസ് ലിം ലീഗ് പ്രസിഡന്റ് പികെസി റഊഫ് ഹാജി,സെക്രട്ടറി സത്താർ വടക്കു മ്പാട്, ട്രഷറർ ലതീഫ് നീലഗിരി, ചീമേനി പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അജിത് കുമാർ, തൃക്കരി പ്പൂർ പഞ്ചായത്ത് പ്രസിഡന്റ് വി.കെ ബാവ,പടന്ന പഞ്ചായത്ത് പ്രസിഡന്റ് പി.വി മുഹമ്മദ് അസ്ലം, വെസ്റ്റ് എളേരി പഞ്ചായത്ത് വൈസ് പ്രസിഡ ന്റ് പിസി ഇസ്മായിൽ, എസ്ഇയു സംസ്ഥാന ജന. സെക്രട്ടറി ആമിർ കോഡൂർ, ട്രഷറർ നാസർ നങ്ങാരത്ത്, എൻജിഒ അസോ സിയേഷൻ ജില്ലാ പ്രസിഡന്റ് എടി. ശശി, യുടിഇഫ് ജില്ലാ ചെയർമാൻ ജയ പ്രകാശ്, എൻജിഒ യൂണിയൻ കാസർകോട് ഏരിയ പ്രസിഡന്റ് പ്രദീപൻ,ജോ. കൗൺസിൽ സ്റ്റേറ്റ് വൈസ് ചെയർമാൻ നരേഷ് കുമാർ കെജിഒയു നേതാവ് കെപി. ഗംഗാധരൻ കെഎടിഎഫ് സംസ്ഥാന സെക്രട്ടറി യഹ്യ ഖാൻ, സെറ്റ്കൊ ജില്ലാ കൺവീനർ ഡോ.യൂസുഫ് ആമത്തല, അഷ്റഫ് കൂട്ടായ്മ ഭാരവാഹികൾ, എം.സി കമറുദ്ദീൻ, മുഹമ്മദ് കൂളിയാട്, ലുഖ്മാൻ അസ്അദി, അസിനാർ മൗലവി, സൈഫുദ്ദീൻ തങ്ങൾ കുന്നുങ്കൈ, സയ്യദ് സൈഫുല്ലാഹി തങ്ങൾ, മജീദ് ഫൈസി, എൻ.എം റഊഫ് ഹാജി, ഒ.എം ഷഫീഖ്, ടി വി കുഞ്ഞിരാമൻ, റഫീഖ് ചെമ്പ്രകാനം, നരേഷ് കുന്നിയൂർ, റൈഹാനത്ത്, ശഹീദ്,ശരീഫ് തങ്കയം, ലിയാഖത്തലി, റിയാസ് ഫൈസി, അബ്ദുൽ മജീദ് മുസ്ലിയാർ, തുടങ്ങിയവർ വീട്ടിലെത്തി. നിര്യാണത്തിൽ ഷിരൂരിലുള്ള എകെഎം അഷ്റഫ് എംഎൽഎ അനുശോചനം രേഖപ്പെടുത്തി.

അഷ്റഫ് അത്തൂട്ടിയുടെ മയ്യിത്ത് കാണാനെത്തിയ ജനങ്ങൾ

നാഷണൽ യൂത്ത് കൗൺസിൽ-കേരളം സ്ഥാപക ദിനാഘോഷം 'സ്വാഭിമാന സംഗമം' മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്യുന്നു

നാഷണൽ യൂത്ത് കൗൺസിൽ സ്ഥാപക ദിനാഘോഷം

കണ്ണൂർ: നാഷണൽ യൂത്ത് കൗൺസിൽ-കേരളം 15-ാം സ്ഥാപക ദിനാഘോഷം 'സ്വാഭിമാന സംഗമം' മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്തു. നാഷണൽ യൂത്ത് കൗൺസിൽ സംസ്ഥാന വൈസ് പ്രസിഡന്റ് വൈ രഞ്ജിത്ത് അധ്യക്ഷനായി. വിവിധ മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികൾക്ക് സ്റ്റുഡന്റ്സ് ഓഫ് ദി ഇയർ പുരസ്കാര പദ്ധതിയും ചടങ്ങിൽ ആരംഭിച്ചു.

കേരള നവോത്ഥാനത്തിന് സംഭാവനകൾ നൽകിയ അയ്യൻകാളി ജയന്തി ആഘോഷ സമാപനവും ശ്രീനാരായണ ഗുരു അനുസ്മരണവും നടന്നു. ടി മനോജ് കുമാർ, രാജീവൻ എളയാവൂർ, കണ്ണൂർ സർവകലാശാല എൻ.എസ്.എസ് കോ-ഓർഡിനേറ്റർ ഡോ.നഫീസ ബേബി, പ്രസ് ക്ലബ്ബ് സെക്രട്ടറി കബീർ കണ്ണാടിപ്പറമ്പ്, പി കൃഷ്ണൻ, ഡോ.എ സനിൽ കുമാർ, അജിത രാകേഷ്, രാജേഷ് പാലങ്ങാട് സംസാരിച്ചു.

എം ജി എം കടവത്തൂർ ഏരിയ കുടുംബ സംഗമം സംസ്ഥാന കമ്മിറ്റി അംഗം ആയിഷ ചെറുമുക്ക് ഉദ്ഘാടനം ചെയ്യുന്നു

എം.ജി.എം കുടുംബ സംഗമം

പാനൂർ: മുജാഹിദ് വനിതാ വിഭാഗമായ എം ജി എം കടവത്തൂർ ഏരിയാ കുടുംബ സംഗമം സംസ്ഥാന കമ്മിറ്റി അംഗം ആയിഷ ചെറുമുക്ക് ഉദ്ഘാടനം ചെയ്തു. ജില്ലാ ട്രഷറർ സക്കീന തെക്കയിൽ അധ്യക്ഷയായി. കെ കെ സമീറ ,പി.കെ.,ഹസീന സംസാരിച്ചു.

മൗലിദ് മജ്‌ലിസ്

ദുബായ്: കെ.എം.സി.സി ദുബായ്-കണ്ണൂർ മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച മൗലിദ് മജ്‌ലിസിന് സക്കരിയാ ദാരിമി നേതൃത്വം നൽകി. മൊയ്തു വാരം, അൻസാരി പയ്യാമ്പലം, ഷാഹിബ് സാലിഹ്, മുനീർ ഐക്കോടിച്ചി, പി.കെ റഫീഖ്, മുഹമ്മദലി, ടി.സി നാസർ, ആഷിക് മുക്കണ്ണി, അർഷിൽ ആയിക്കര, ഷംഷാജ് പുറത്തിൽ, മുഹമ്മദ് ഷാഫി, മുസ്തഫ ചേലോറ, റഷീദ് കാഞ്ഞിരോട്, തൻവീർ, മുഹമ്മദ് അമീൻ അൻസാരി പങ്കെടുത്തു.

ഗൗസിയ ദഅ്‌വ ദറസ് കെട്ടിടോദ്ഘാടനം ഇന്ന് സാദിഖലി തങ്ങൾ നിർവഹിക്കും

പുറത്തിൽ: ശൈഖ് അബ്ദുൽ ഖാദർ സാനി സ്മാരക ഗൗസിയ്യ ദഅ്‌വ ദറസ് കെട്ടിടോ ദ്ഘാടനം ഇന്ന് നടക്കും. വൈകുന്നേരം ഏഴിന് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം നിർവഹിക്കും. മാണിയൂർ അഹമ്മദ് മുസ്‌ലിയാർ പ്രാർഥനാ സദസിന് നേതൃത്വം നൽകും. ഖലീൽ ഹുദവി കാസർകോട് പ്രഭാഷണം നടത്തും. നാളെ വൈകുന്നേരം ഏഴിന് പേരോട് അബ്ദുറഹ്മാൻ സഖാഫി പ്രഭാഷണം നടത്തും.

കണ്ണൂരിന് പോയന്റ് ഓഫ് കോൾ പദവി

നിരാഹാര സത്യഗ്രഹം ഒരാഴ്ച പിന്നിട്ടു

കണ്ണൂർ: എയർപോർട്ട് ആക്ഷൻ കൗൺസിൽ ചെയർമാൻ രാജീവ് ജോസഫ് നടത്തുന്ന അനിശ്ചിതകാല നിരാഹാര സത്യഗ്രഹം ഒരാഴ്ച പിന്നിടുന്നു. പിന്തുണയറിയിച്ച് നിരവധി സംഘടനകൾ പന്തലിലെത്തി. വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന ജനറൽ സെക്രട്ടറിയും ജില്ലാ പ്രസിഡന്റുമായ ദേവസ്യ മേച്ചേരിയുടെ നേതൃത്വത്തിൽ ജില്ലാ, സംസ്ഥാന ഭാരവാഹികൾ സത്യഗ്രഹ വേദിയിലെത്തി. കെ.പി.സി.സി മൈനോരിറ്റി വിഭാഗം സംസ്ഥാന വൈസ് ചെയർമാൻ എൻ.ആർ മായൻ, വെൽഫെയർ പാർട്ടി സംസ്ഥാന പ്രസിഡന്റ് റസാഖ് പാലേരി, മട്ടന്നൂർ നഗരസഭാ ചെയർമാൻ സാജിദ്, കോൺഗ്രസ് നേതാവ് ചന്ദ്രൻ തില്ലങ്കേരി, സി.പി.എം മട്ടന്നൂർ ഏരിയ സെക്രട്ടറി രതീഷ്, കീഴല്ലൂർ ലോക്കൽ സെക്രട്ടറി സജീവൻ തുടങ്ങിയവരും എത്തി പിന്തുണയറിയിച്ചു.

അതിനിടെ, രാജീവ് ജോസഫിനെ അറസ്റ്റ് ചെയ്ത് ആശുപത്രിയിൽ പ്രവേശിപ്പിക്കാൻ മട്ടന്നൂർ പൊലീസ് സമര പന്തലിൽ എത്തി. എന്നാൽ തന്റെ ആരോഗ്യത്തിന് യാതൊരു കുഴപ്പവുമില്ലെന്ന് രാജീവ് പൊലീസിനെ അറിയിച്ചു.

ഏതു സമയത്തും രാജീവ് ജോസഫിനെ അറസ്റ്റ് ചെയ്തേക്കാമെന്നിരിക്കെ ആക്ഷൻ കൗൺസിൽ റിലേ നിരാഹാര സത്യഗ്രഹം ആരംഭിച്ചിട്ടുണ്ട്. വിവിധ സംഘടനകൾ രാവിലെ 10 മുതൽ പിറ്റേന്ന് രാവിലെ 10 വരെ റിലേ സത്യഗ്രഹത്തിൽ പങ്കെടുക്കും. പ്രവാസി കോൺഗ്രസ് ജില്ലാ സെക്രട്ടറി എം.പി മോഹനാംഗൻ രാജീവ് ജോസഫിനൊപ്പം സത്യഗ്രഹം നടത്തുന്നുണ്ട്.

സ്ത്രീകളെയും കുട്ടിയെയും കയ്യേറ്റം ചെയ്ത കേസിൽ

സി.പി.എം ജില്ലാ പഞ്ചായത്ത് അംഗം അറസ്റ്റിൽ

തിരുവനന്തപുരം: കടയിൽ കയറി സ്ത്രീകളെയും കുട്ടിയെയും കയ്യേറ്റം ചെയ്ത കേസിൽ സി.പി.എം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് അംഗം വെള്ളനാട് ശശി അറസ്റ്റിൽ.

സ്ത്രീകളേയും കുട്ടിയേയും കയ്യേറ്റം ചെയ്തെന്ന പരാതിയിൽ ആര്യനാട് പൊലീസാണ് വെള്ളനാട് ശശിയെ അറസ്റ്റ് ചെയ്തത്.

വെള്ളനാട് വില്ലേജ് ഓഫിസിന് സമീപം റോഡ് സൈഡിൽ ഹോട്ടലിന്റെ ബോർഡ് സ്ഥാപിച്ചിരുന്നത് എടുത്തുമാറ്റുന്നത് സംബന്ധിച്ച് ഹോട്ടൽ നടത്തിപ്പുകാരുമായുള്ള തർക്കമാണ് അക്രമണത്തിൽ കലാശിച്ചത്. സ്ത്രീകളെയും സംഭവം വീഡിയോയിൽ പകർത്താൻ ശ്രമിച്ച എട്ട് വയസ്സുകാരനെയും കയ്യേറ്റം ചെയ്തതിന്, ശശിക്കെതിരെ ജാമ്യമില്ലാ വകുപ്പുകൾ ചേർത്ത് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിരുന്നു. ജില്ലാ പഞ്ചായത്ത് അംഗം വെള്ളനാട് ശശി ഉൾപ്പെട്ട കയ്യേറ്റത്തിന്റെ ദൃശ്യങ്ങളും പുറത്ത് വന്നിരുന്നു.

സംഭവശേഷം സ്ഥലത്ത് നിന്ന് രക്ഷപ്പെട്ട വെള്ളനാട് ശശിയെ ജില്ലാ പൊലിസ് മേധാവി കിരൺനാരായണിന്റെ നിർദേശ പ്രകാരം ആര്യനാട് പൊലീസ് കൊല്ലം ആയൂരിൽ നിന്നാണ് അറസ്റ്റ് ചെയ്തത്. തുടർന്ന് നെടുമങ്ങാട് കോടതിയിൽ ഹാജരാക്കിയ ശശിക്ക്, ഉപാധികളോടെ ജാമ്യം അനുവദിച്ചു. പ്രായവും അസുഖവും മരുന്നുകൾ കഴിക്കുന്നതും പരിഗണിച്ച് തിങ്കളാഴ്ച കോടതിയിൽ ഹാജരാകണമെന്നതുൾപ്പെടെ ഉപാധികളോടെയാണ് ജാമ്യം അനുവദിച്ചത്.

ആരേയും അതിക്രമിച്ചിട്ടില്ലെന്നും സ്കൂട്ടറിന്റെ താക്കോൽ കടയുടമയും സംഘവും കൈക്കലാക്കിയതാണ് ചോദ്യം ചെയ്തതെന്നുമാണ് വെള്ളനാട് ശശി പറയുന്നത്. അടുത്തിടെയാണ് കോൺഗ്രസിൽ നിന്ന് മാറി വെള്ളനാട് ശശി സിപിഎം അംഗത്വം സ്വീകരിച്ചതും ജില്ലാ പഞ്ചായത്ത് ഡിവിഷനിൽ മത്സരിച്ച് ജയിച്ചതും.

ഓണാഘോഷം

മാഹി: ജനശബ്ദം മാഹിയുടെ ആഭിമുഖ്യത്തിൽ ഓണം ഒപ്പരം, ഓണാഘോഷ പരിപാടി സംഘടിപ്പിച്ചു. ദാസൻ കാണിയുടെ അധ്യക്ഷതയിൽ മാധ്യമ പ്രവർത്തകൻ ചാലക്കര പുരുഷു ഉദ്ഘാടനം ചെയ്തു. സിഎച്ച് സെന്റർ പ്രസിഡന്റ് എവി യൂസഫ് മുഖ്യാതിഥിയായി. ഷാജി പിണക്കാട്ട്, പിടിസി ശോഭ, ജസീമ മുസ്തഫ, സുരേഷ് പന്തക്കൽ, സോമൻ ആനന്ദ്, ടിഎ ലതീഫ് സംസാരിച്ചു. കലാ-കായിക മത്സര വിജയികൾക്ക് കലൈമാമണി സതീ ശങ്കർ സമ്മാനങ്ങൾ വിതരണം ചെയ്തു. ഇകെ റഫീഖ് സ്വാഗതവും ടിഎം സുധാകരൻ നന്ദിയും പറഞ്ഞു.

കെഎംസിസി സീതി സാഹിബ് വിദ്യാഭ്യാസ പുരസ്കാരം ബംഗ്ലത്ത് മുഹമ്മദിന്

നാദാപുരം: ദുബായ് കെ.എം.സി.സി നാദാപുരം പഞ്ചായത്ത് കമ്മിറ്റിയുടെ സീതി സാഹിബ് വിദ്യാഭ്യാസ പുരസ്കാരത്തിനു നാദാപുരം മേഖലയിലെ പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും മുസ്‌ലിം ലീഗ് നാദാപുരം മണ്ഡലം പ്രസിഡണ്ടുമായ ബംഗ്ലത്ത് മുഹമ്മദ് അർഹനായി. എം.പി ജാഫർ മാസ്റ്റർ, ഹസ്സൻ ചാലിൽ, കെ.പി മുഹമ്മദ് എന്നിവർ അടങ്ങുന്ന ജൂറിയാണ് അവാർഡ് ജേതാവിനെ തിരഞ്ഞെടുത്തത്. നാദാപുരം മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനത്തിനും സർക്കാർ അംഗീകാരങ്ങൾ നേടിയെടുക്കുന്നതിനും നാടിന്റെ വിദ്യാഭ്യാസ പുരോഗതിക്കുമായി ബംഗ്ലത്ത് മുഹമ്മദ് പ്രവർത്തിച്ചിട്ടുള്ളത് വളരെ പ്രശംസനീയമാണ്.

വിദ്യാഭ്യാസ പുരോഗതിക്ക് നൽകിയ മഹത്തായ സംഭാവനകൾ വിലയിരുത്തിയാണ് അദ്ദേഹത്തെ പുരസ്കാരത്തിന് തിരഞ്ഞെടുത്തത്. നാദാപുരം മേഖലയിൽ അദ്ദേഹം സ്ഥാപിച്ച വിദ്യാലയങ്ങൾ വിവിധ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന വിദ്യാഭ്യാസ സാധ്യതകൾ ഒരുക്കിയിട്ടുണ്ട്. കഴിവുള്ള ചെറുപ്പക്കാർക്ക് അധ്യാപകരായും മറ്റു ജീവനക്കാരെയും സർക്കാർ ശമ്പളം പറ്റുന്നതിനും അവരെ സാമൂഹിക പ്രവർത്തന രംഗത്ത് സജീവമാക്കുന്നതിനും ബംഗ്ലത്തിന് കഴിഞ്ഞു. എം.ഇ.ടി. കോളജ് ,ടി.ഐ.എം ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പേരോട് എം.ഐ.എം.ഹയർ സെക്കൻഡറി സ്കൂൾ ഉൾപ്പെടെ നാട്ടിൽ തലയുയർത്തി നിൽക്കുന്ന ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേതൃപരമായ പങ്കുവഹിച്ച വ്യക്തി കൂടിയാണ് ബംഗ്ലത്ത്.

ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരം നവംബർ 10ന് ദുബായ് കെ.എം.സി.സി ഹാളിൽ നടക്കുന്ന ചടങ്ങിൽ പ്രമുഖ വ്യക്തിത്വങ്ങളുടെ സാന്നിധ്യത്തിൽ സമർപ്പിക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഹസ്സൻ ചാലിൽ, ഡോ. നൗഷാദ് കെ.വി, ദാവൂദ് കെ. കെ.സി, ചാമക്കാലിൽ അബൂബക്കർ, പോള നാസർ, സുബൈർ കുറ്റിയിൽ, സലീം ചേലക്കാട് , നംഷി പി.പി, സുബൈർ വലിയാണ്ടി എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

കാലിക മാറ്റങ്ങളെ അധ്യാപകർ ഉൾക്കൊള്ളണം: വിസ്ഡം

കോഴിക്കോട്: ആധുനിക സങ്കേതിക വിദ്യകളുണ്ടാക്കിയ വൈജ്ഞാനിക മാറ്റത്തെ ഉൾകൊള്ളാൻ മദ്റസാധ്യാപകർ തയ്യാറാകണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വിദ്യാഭ്യാസ ബോർഡ് സംഘടിപ്പിച്ച അത്തർഖിയ എസ്. ആർ.ജി ട്രെയിനിംഗ് ക്യാമ്പ് അഭിപ്രായപ്പെട്ടു. പുതിയ കാലത്തെ വിദ്യാർത്ഥികളുടെ മാനസിക വളർച്ചക്കനുസരിച്ച് അധ്യാപനം കാര്യക്ഷമമാക്കണം. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി നാസർ ബാലുശേരി ഉദ്ഘാടനം ചെയ്തു. ഹുസൈൻ ടി കാവനൂർ അധ്യക്ഷനായിരുന്നു. റഷീദ് മാസ്റ്റർ കാരപ്പുറം, ഷൗക്കത്തലി അൻസാരി, മുജീബുല്ലാ അൻസാരി, സാദിഖ് മദീനി, ഡോ. ഷിയാസ് സ്വലാഹി, ഇർഫാൻ സ്വലാഹി, ശരീഫ് കാര, അബ്ദുല്ല ഷമീർ മദീനി, യാസർ സ്വലാഹി, മുജീബ് ഒട്ടുമ്മൽ എന്നിവർ വിവിധ സെഷനുകളിൽ പ്രഭാഷണം നടത്തി.

ചന്ദ്രിക ക്ലാസിഫൈഡ്സ്

ലോൺ ടേക്ക് ഓവർ
നാഷണലൈസ് ബേങ്ക്സ് കോ-ഓപ്പറേറ്റീവ് ബേങ്ക്സ്/ സൊസൈറ്റി KSFE ചിട്ടി ലോൺ NBFC ലോൺ എന്നിവ ടേക്ക് ഓവർ ചെയ്യാൻ സഹായിക്കുന്നു.
S M ENTERPRISES
ALUVA, ERNAKULAM-683101
79025 21262

CHANGE OF NAME
I,**MOIDU KUNHI**, HOLDER OF PASSPORT NO F 8402793, ISSUED AT KOZHIKODE ON 17/07/2006,HAVE CHANGED MY NAME AS **MOIDEEN KUNHI.** RESIDING AT MUHSEENA MANZIL,ADEEKKA,UPPALA PO, KASARAGOD 671322.

CHANGE OF NAME
I, **BADURUDDEEN**, HOLDER OF PASSPORT NO Y 5601669, ISSUED AT KOZHIKODE ON 23/06/2023,HAVE CHANGED MY NAME AS **BADURU